ഖുത്ബ
08.04.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)യുടെ ആത്മാർപ്പണം.

وَتَوَكَّلْ عَلَى اللّٰهِ وَكَفٰى بِاللّٰهِ وَكِيْلًا

നീ അല്ലാഹുവിൽ വിശ്വാസം അർപ്പിക്കുക. കാര്യനിർവാഹകനായി അല്ലാഹു മതിയായവനാണ്. (4:82)

വിശുദ്ധഖുർആന്റെ ഈ ആജ്ഞ യഥാർത്ഥത്തിൽ നബിതിരുമേനിയ്ക്ക് അല്ലാഹുവിൽനിന്ന് സാന്ത്വനമേകുന്ന സന്ദേശമായിരുന്നു. നബിയേ! (സ) നീ സമാധാനത്തോടെ ഇരിക്കുക. നിന്റെ സ്വഹാബത്തിനെ സമാധാനപ്പെടുത്തുകയും ചെയ്യുക. ഏതവസ്ഥയെ അഭിമുഖീകരിക്കേണ്ടിവന്നാലും - അതിശക്തമായ നിലയിൽ നിന്നെയും നിന്റെ ജമാഅത്തിനെയും വകവരുത്താൻ ശ്രമമുണ്ടായേക്കാം, എല്ലാ ഗോത്രങ്ങളും സംഘടിച്ച് നിന്നെയും നിന്റെ ജമാഅത്തിനെയും ഉന്മൂലനം ചെയ്യാൻ ശ്രമമുണ്ടായേക്കാം, അവർക്ക് നിങ്ങളെ നശിപ്പിക്കാൻ സാധ്യമല്ല. കാര്യനിർവാഹകനായി അല്ലാഹു മുമ്പും പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ നാശങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷിച്ചുപോന്നിട്ടുണ്ട്. തുടർന്നും അവൻതന്നെയായിരിക്കും നിന്റെ കാര്യനിർവാഹകൻ. ഏതവസ്ഥതന്നെ വന്നു ഭവിച്ചാലും ശത്രുക്കൾ എന്തെന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചാലും അത് ഏത് രീതിയിലുള്ള പദ്ധതിയായാലും, ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിൽ ശത്രു ഒരിക്കലും വിജയിക്കുകയില്ല. അതുകൊണ്ട് അങ്ങ്, എപ്പോഴും എന്നപോലെ അല്ലാഹുവിൽ സർവ്വവും ഭരമേല്പിച്ചുകൊണ്ടേയിരിക്കുക. ഈ സാന്ത്വനം നല്കിയത്, നബി (സ) ആരെയെങ്കിലും ഭയന്നിരുന്നതുകൊണ്ടല്ല. അല്ലെങ്കിൽ വിശ്വാസമർപ്പിക്കലിൽ എന്തെങ്കിലും കുറവ് വന്നതുകൊണ്ടുമല്ല, മറിച്ച് ഇത് സ്വഹാബിമാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. ബലഹീനമായ മനസ്സിൽ പോലും തങ്ങൾ അശക്തരാണെന്നും ശക്തവാന്മാരായ എതിരാളികളെ എങ്ങനെ നേരിടുമെന്നുമുള്ള ചിന്തയുണ്ടാകാതിരിക്കാനായിരുന്നു. ശത്രുക്കളുടെ മുമ്പിൽ ഞങ്ങൾ തലകുനിയ്ക്കുന്നവരല്ലെന്ന് ശത്രുവിനും പ്രകടമാകുന്നതിനുവേണ്ടിയായിരുന്നു. ഞങ്ങൾ എന്നത്തേയും പോലെ ആ ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നു; അവൻ എന്നത്തെയും പോലെ ഞങ്ങളെ സഹായിക്കുമെന്നും ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. അവൻ ഞങ്ങളെ സഹായിച്ചുകൊണ്ടേയിരിക്കും ശത്രു എന്നത്തെയും പോലെ പരാജിതനാകും. നബി (സ)നോ ഇസ്‌ലാമിനോ എന്തെങ്കിലും നഷ്ടമുണ്ടാക്കുകയെന്ന ശത്രുവിന്റെ ആഗ്രഹമൊരിക്കലും പൂർത്തിയാകുകയില്ല.

നബി(സ)ന് ആദ്യം മുതലെ അല്ലാഹുവിൽ അതിരറ്റ വിശ്വാസമായിരുന്നു. തന്റെ കൂട്ടുകാർ ബലഹീനരായിരുന്നപ്പോൾ നബി(സ) തവക്കുൽ അഥവാ അല്ലാഹുവിൽ സർവവും ഭരമേല്പിക്കലിന്റെ ഉന്നതമായ നില സ്ഥാപിച്ചു കാണിച്ചിരുന്നു; അക്കാലത്ത് ശത്രുവിനെ നേരിടാൻ കൈയുയർത്താനുള്ള ശക്തി പോലും ഉണ്ടായിരുന്നില്ല. അവിടന്ന് തനിച്ചായിരുന്നപ്പോളും തവക്കുലിന്റെ ഉദാത്തമായ മാതൃക കാണിച്ചു; അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി തനിച്ച് മറ്റു പട്ടണങ്ങളിൽ പോയി. അപ്പോഴും അല്ലാഹുവിനെ പൂർണ്ണമായും വിശ്വാസമായിരുന്നു നബി(സ)ന്. അവസാനം താൻ തന്നെയാണ് ജയിക്കുകയെന്ന ദൃഢവിശ്വാസവും നബിയ്ക്കുണ്ടായിരുന്നു. അവിടന്ന് എപ്പോഴും അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച് ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

قُلْ هُوَ رَبِّيْ لَا إِلٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَإِلَيْهِ مَتَابِ

നീ പറയുക, അവൻ എന്റെ രക്ഷിതാവാണ്, അവനല്ലാതെ ഒരു ആരാധ്യനുമില്ല. അവനിൽ ഞാൻ സർവ്വവും ഭരമേല്പിച്ചിരിക്കുന്നു. എന്റെ വിനീതമായ മടക്കവും അവനിലേക്ക് തന്നെയാണ്. (13:31)

നബി(സ)ന്റെ തവക്കുലിന് വിശുദ്ധഖുർആൻ നല്കുന്ന തെളിവാണിത്. അല്ലാഹുതആല നബിയോട് ഇങ്ങനെ പ്രഖ്യാപിക്കാൻ പറയുന്നു; അതായത് നിന്റെ മാനസികാവസ്ഥ എനിയ്ക്കറിയാം. അതുകൊണ്ട് നീ എപ്പോഴും എന്നിൽ തവക്കുൽ ചെയ്യുന്നുവെന്ന് പ്രഖ്യാപിക്കുക.

മുൻവേദഗ്രന്ഥങ്ങളിലും നബിയുടെ ഉദാത്തമായ സവിശേഷഗുണങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഇതു സംബന്ധിച്ച് ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അത്വാഅ് ബിൻ യസാർ നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ അബ്ദുല്ലാഹ് ബിൻ അംർ ബിൻ അലാസിനെ കണ്ടു. നബി(സ)നെക്കുറിച്ച് തൗറാത്തിൽ പറഞ്ഞിട്ടുള്ള ഗുണങ്ങൾ എനിക്ക് പറഞ്ഞുതന്നാലുമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു. അല്ലാഹുവാണ! തൗറാത്തിൽ നബിയെക്കുറിച്ച് പറയപ്പെട്ടിട്ടുള്ള സവിശേഷഗുണങ്ങൾ ഖുർആനിലും പറയപ്പെട്ടിട്ടുണ്ട് എന്നിട്ട് ഈ ഖുർആനിക വചനമോതി.

يٰأَيُّهَا النَّبِيُّ إِنَّا أَرْسَلْنٰكَ شَاهِدًا وَّمُبَشِّرًا وَّنَذِيْرًا

ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നല്കുന്നവനുമായി അയച്ചിരിക്കുന്നു.(33:46) നീ

എന്റെ ദാസനും ദൂതനുമാണ്. ഞാൻ നിന്റെ നാമം **മുത്തവക്കിൽ** – എല്ലാ കാര്യവും അല്ലാഹുവിൽ ഭരമേല്പിക്കുന്നവൻ – എന്നുവെച്ചിരിക്കുന്നു. ഇതു തൗറാത്തിന്റെ സാക്ഷ്യമാണ്. നിവേദനത്തിൽ തുടർന്നു പറയുന്നു: നീ പരുഷസ്വഭാവിയോ കഠിനചിത്തനോ അല്ല. തെരുവുകളിൽ ബഹളമുണ്ടാക്കുന്നവനല്ല. തിന്മക്കുള്ള പ്രതിഫലം തിന്മകൊണ്ട് നല്കുന്നവനുമല്ല. നീ വിട്ടുവീഴ്ച ചെയ്യുന്നവനും മാപ്പുകൊടുക്കുന്നവനുമാണ്. വഴിതെറ്റിപ്പോയ ജനതയെ നേർവഴിയിലാക്കാതെയും ജനങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നവരായിത്തീരാതെയും കണ്ണില്ലാത്തവർ കണ്ണുള്ളവരായിത്തീരാതെയും ചെവികേൾക്കാത്തവർ ചെവികേൾക്കുന്നവരായി തീരാതെയും അല്ലാഹു ഒരിക്കലും താങ്കളെ മരിപ്പിക്കുകയില്ല.

ഇതായിരുന്നു മുത്തവക്കിലായ മനുഷ്യൻ. അദ്ദേഹത്തിന്റെ പേര് അദ്ദേഹം ജനിക്കുന്നതിന് ശതകണക്കിന് വർഷം മുമ്പേ മുത്തവക്കിൽ എന്ന് വെയ്ക്കപ്പെട്ടു. നബി(സ) എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ഉന്നതമായ മാതൃക സ്വയം കാണിക്കുക മാത്രമല്ല ചെയ്തത്. തന്നെ വിശ്വസിക്കുന്നവരിലും അത് വളർത്തിയെടുക്കാൻ അവിടന്ന് ശ്രമിച്ചു. അവിടത്തെ ജീവിതത്തിൽനിന്നും ലഭിക്കുന്ന തവക്കുലിന്റെ ഉദാഹരണങ്ങളിൽ ചിലത് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. അതിനു മുമ്പേ തവക്കുൽ എന്താണെന്ന് പറയട്ടെ. ഒന്നും പ്രവർത്തിക്കാതെ കൈയും കെട്ടി ഇരിക്കുന്നതിനാണോ തവക്കുൽ എന്നു പറയുന്നത്? ഞങ്ങൾ ഇവിടെ കുത്തിയിരിക്കുകയും അല്ലാഹു ഞങ്ങളുടെ കാര്യങ്ങൾ എല്ലാം നിറവേറ്റിത്തരും എന്ന് പറയുകയും ചെയ്യുന്നതിനാണോ തവക്കുൽ എന്ന് പറയുന്നത്? ഇത് തവക്കുൽ അല്ല. എല്ലാ ഉപായങ്ങളും ഉപയോഗിച്ചുകൊണ്ട്, പ്രവർത്തിച്ചുകൊണ്ട് അതിനുശേഷം അല്ലാഹുവിൽ അത് ഭരമേല്പിക്കുന്നതിനാണ്, അവന്റെ മുമ്പിൽ തല കുനിയ്ക്കുന്നതിനാണ് തവക്കുൽ എന്നു പറയുന്നത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) അതിനെ ഇങ്ങനെ നിർവചിക്കുന്നു.

ഏതെങ്കിലും കാര്യം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹു തആല നിശ്ചയിച്ചിട്ടുള്ള മാർഗങ്ങൾ കഴിയുന്നിടത്തോളം പ്രയോജനപ്പെടുത്തുകയും നീ തന്നെ ഇതിന്റെ അവസാനം നല്ലതാക്കിത്തീർക്കേണമേയെന്ന് സ്വയം ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ് തവക്കുൽ. ഈ മാർഗങ്ങളെയൊക്കെ നശിപ്പിക്കാനും അടിമേൽ മറിച്ചുകളയാനും പറ്റുന്ന നൂറുകണക്കിന് ആപത്തുകളും ആയിരക്കണക്കിന് കഷ്ടതകളുമുണ്ട്. ഇതിന്റെ എല്ലാ ദുഷ്ഫലങ്ങളിൽനിന്നും ഞങ്ങളെ രക്ഷിച്ച് യഥാർത്ഥമായ വിജയത്തിലേക്കും ലക്ഷ്യസ്ഥാനത്തേക്കും ഞങ്ങളെ എത്തിക്കേണമേ.

നബി(സ)ന്റെ രീതിയും ഇതുതന്നെയായിരുന്നു. മനസ്സിൽ പരിഭ്രമമുണ്ടാകുന്ന നേരം വരുമ്പോൾ അവിടന്ന് ബാഹ്യമായി ചെയ്യാവുന്നതെല്ലാം ചെയ്യുകയും എല്ലാ മാർഗങ്ങളുമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിനുശേഷം അല്ലാഹുവിൽ അക്കാര്യം ഭരമേല്പിക്കുമായിരുന്നു.

ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. പരിഭ്രമാവസ്ഥയുണ്ടാകുമ്പോൾ അവിടന്ന് പറയും: അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല. വലിയ ഭരണാധിപത്യത്തിന്റെ രക്ഷിതാവാണവൻ. അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല. അവൻ ആകാശങ്ങളുടെ രക്ഷിതാവാണ്. ഭൂമികളുടെ രക്ഷിതാവാണ്. മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവാണ്. അതായത് അവനെല്ലാ വസ്തുക്കളുടെയും ഉടമസ്ഥനാണ്. അവനാണ് അവയുടെ രക്ഷിതാവ്. അതുകൊണ്ട് അവനിൽ തന്നെ സർവവും ഭരമേല്പിക്കേണ്ടതാണ്.

വലിയ വലിയ സന്ദർഭഘട്ടങ്ങളിലും അവിടന്ന് തനിയ്ക്ക് ചെയ്യാവുന്നതെല്ലാം ചെയ്തിട്ട് ബാക്കി കാര്യം അല്ലാഹുവിൽ ഭരമേല്പിക്കുകയായിരുന്നു പതിവ്.

അവിടന്ന് തനിച്ചായിരുന്ന കാലം. ത്വാഇഫിലെ നേതാക്കന്മാരെ തബ്ലീഗ് ചെയ്യാൻ പുറപ്പെട്ടു. അവർ അങ്ങേയറ്റം അക്രമമാണ് നബിയോട് കാണിച്ചത്. അവിടന്ന് തിരിച്ചുപോന്നു. മക്കയിൽ കടക്കാൻപോലും പ്രത്യക്ഷത്തിൽ ഒരു മാർഗവുമില്ല. ഒരു സേവകൻ കൂടെയുണ്ട്. ഇനിയെന്തു ചെയ്യുമെന്നോർത്ത് ആ സേവകൻ അസ്വസ്ഥനാണ്. പക്ഷെ, നബിതിരുമേനിക്ക് തന്റെ രക്ഷിതാവിൽ പരിപൂർണ്ണ വിശ്വാസമുണ്ട്. ഈ സംഭവം വിവരിച്ചുകൊണ്ട് ആ സേവകനായ സയ്ദുബ്നു ഹാരിസ (റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ റസൂലേ! മക്കക്കാർ അങ്ങയെ പുറത്താക്കിയിരിക്കുകയാണ്, ഇനി അവിടെ കടക്കാൻ ഇതിലെയും അതിലെയും വഴിയൊന്നുമില്ല. ഈ പരിതസ്ഥിതിയിൽ അങ്ങ് എങ്ങനെയാണ് മക്കയിൽ പ്രവേശിക്കുക എന്ന് ഞാൻ ചോദിച്ചപ്പോൾ നബിതിരുമേനി ദൃഢസ്വരത്തിൽ പറഞ്ഞു: സയ്ദേ! അല്ലാഹു ഏതെങ്കിലും വഴി തുറക്കുന്നത് താങ്കൾ കാണുകതന്നെ ചെയ്യും. അല്ലാഹു അവന്റെ ദീനിനെ സഹായിക്കുന്നവനാണ്. അവൻ തന്റെ നബിയെ വിജയിപ്പിച്ചേ അടങ്ങൂ. അങ്ങനെ തനിയ്ക്ക് അഭയം നല്കി മക്കയിൽ പ്രവേശിപ്പിക്കാനുള്ള ഏർപ്പാട് ചെയ്യണമെന്ന് നബി(സ) ഖുറയ്ശി നേതാക്കന്മാർക്ക് സന്ദേശം അയച്ചു. എല്ലാ നേതാക്കന്മാരും അത് നിഷേധിച്ചു. അവസാനം ഒരു മാന്യനായ നേതാവ് മുത്ഇമുബ്നു അദിയ്യ് തന്റെ രക്ഷയിൽ മുഹമ്മദ് മക്കയിൽ പ്രവേശിക്കുന്നതായി പ്രഖ്യാപിച്ചു.

നാട്ടുനടപ്പനുസരിച്ച് നബി(സ) പ്രവർത്തിക്കേണ്ടത് പ്രവർത്തിച്ചു. പക്ഷെ, തവക്കുൽ അല്ലാഹുവിൽ തന്നെയായിരുന്നു. ആ പ്രവർത്തനത്തിനുമുമ്പേ നബി(സ)ന് താൻ മക്കയിൽ പ്രവേശിക്കുകതന്നെ ചെയ്യുമെന്ന ദൃഢ വിശ്വാസമുണ്ടായിരുന്നു.

തവക്കുലിന്റെയും യഖീനിന്റെയും മഹിമാവ് കാണുക. അല്ലാഹുതആല സൽകാര്യങ്ങളിൽ തീർച്ചയായും സഹായിക്കുന്നവനാണ്. അതുകൊണ്ട് ഓരോ സൽകാര്യവും അവനിൽ ഭരമേല്പിച്ചു

കൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

കഠിനവിരോധികളായ ഖുറയ്ശി നേതാക്കളുടെയടുക്കൽ ദരിദ്രനായ ഒരു മനുഷ്യന്റെ അവകാശം വാങ്ങികൊടുക്കാൻ നബി(സ)പോയ സന്ദർഭമുണ്ടായിട്ടുണ്ട്. ആ സംഭവം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. റാശാ എന്ന പേരുള്ള ഒരാൾ തന്റെ ഒട്ടകങ്ങളെ വിൽക്കാൻ മക്കയിൽ വന്നു. അബൂജഹൽ അയാളിൽനിന്ന് കുറച്ച് ഒട്ടകങ്ങൾ വാങ്ങി. ഒട്ടകങ്ങളെ കൈവശപ്പെടുത്തിയ ശേഷം വിലകൊടുക്കാൻ വിസമ്മതിക്കുകയോ അതും ഇതും പറഞ്ഞ് കളിപ്പിക്കുകയും ചെയ്തു. അയാൾ മക്കയിൽ തനിച്ചായിരുന്നു. യാത്രക്കാരനായിരുന്നു. കൂട്ടുകാരാരുമുണ്ടായിരുന്നില്ല. നിസ്സഹായനും നിരാലംബനുമായിരുന്നു. അയാൾ വളരെ വിഷമിച്ചു. കുറെ ദിവസം അബൂജഹലിന്റെ പിന്നാലെ നടന്നു. പക്ഷെ പണം കിട്ടിയില്ല. ഒരു ദിവസം ഖുറയ്ശി നേതാക്കൾ കഅ്ബയിൽ കൂടിയിരിക്കുമ്പോൾ അയാൾ അവിടെച്ചെന്ന് തന്റെ പരാതി പറഞ്ഞു: ആദരണീയരായ ഖുറയ്ശി നേതാക്കളെ! നിങ്ങളിൽ ഒരാളായ അബുൽ ഹിക്കം എന്റെ ഒട്ടകങ്ങളുടെ വില എനിയ്ക്ക് തരാതെ പിടിച്ചുവെച്ചിരിക്കുന്നു. ദയവു ചെയ്ത് നിങ്ങൾ അത് എനിയ്ക്ക് വാങ്ങിത്തരിക. ഖുറയ്ശികൾ തമാശയായി പറഞ്ഞു: ഇവിടെ ഒരാളുണ്ട്. മുഹമ്മദ് ബിൻ അബ്ദുല്ലാഹ് എന്നാണ് അയാളുടെ പേര്. നീ അയാളുടെയടുക്കൽ ചെല്ലുക. അയാൾക്ക് മാത്രമെ നിന്റെ പണം വാങ്ങിത്തരാൻ കഴിയുകയുള്ളു! നബിയുടെയടുക്കൽ ഇയാൾ ചെന്നാൽ നബി അത് നിഷേധിക്കുമെന്നാണ് അവർ കരുതിയത്. നിഷേധിച്ചാൽ പരിഹസിക്കാനുള്ള അവസരം തങ്ങൾക്ക് കിട്ടുകയും കാണുന്നവർക്ക് നബിയുടെ സ്വഭാവം ഇങ്ങനെയൊക്കെയാണെന്ന് മനസ്സിലാകുകയും ചെയ്യും. എന്തായാലും റാശാ, നബിയുടെ അടുക്കൽ എത്തി. താൻ വന്ന കാര്യം പറഞ്ഞു. ഖുറയ്ശി നേതാക്കൾ അയാളുടെ പിന്നാലെ മുഹമ്മദിന്റെ പ്രതികരണം എന്താണെന്നറിയാൻ ഒരാളെ അയച്ചിരുന്നു. റാശാ തന്റെ കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ നബി(സ) ഉടനെ എഴുന്നേറ്റു. അങ്ങനെ രണ്ടുപേരും അബൂജഹലിന്റെ വീട്ടുപടിക്കലെത്തി. വാതിലിൽ മുട്ടി അയാളെ വിളിച്ചു. വെളിയിൽ വന്ന് നബിയെ കണ്ടയുടനെ അബൂജഹൽ വല്ലാതെ വിഷമിക്കുന്നതുകണ്ടു. നബി(സ) ചോദിച്ചു. താങ്കൾ ഇയാൾക്ക് ഇത്ര പണം കൊടുക്കുവാനുണ്ടോ? അതെത്രയും വേഗം കൊടുക്കുക. നില്ക്കൂ. ഞാനിപ്പോൾതന്നെ പണം കൊണ്ടുവരാം എന്ന് അബൂജഹൽ പറഞ്ഞു. ആ സമയത്ത് അബൂജഹൽ വിളറി വെളുത്തിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. അങ്ങനെ അയാൾ പണവുമായി വന്നു. ഉടനെത്തന്നെ റാശായ്ക്ക് കൊടുക്കുകയും ചെയ്തു. നബി(സ)ന് നന്ദി പറഞ്ഞുകൊണ്ട് റാശാ ഖുറയ്ശികളുടെ മജ്‌ലിസിൽ വീണ്ടും ചെന്നു. അവർക്ക് നന്ദി പറഞ്ഞുകൊണ്ട് പറഞ്ഞു: നിങ്ങൾ ശരിയായ ആളെക്കുറിച്ചാണ് എനിയ്ക്ക് പറഞ്ഞുതന്നത്. അയാൾ കാരണം എന്റെ പണം എനിയ്ക്ക് തിരികെ കിട്ടി. അതുകേട്ടപ്പോൾ അവിടെയുണ്ടായിരുന്ന ഖുറയ്ശി നേതാക്കളെല്ലാം അസ്വസ്ഥരായിത്തീർന്നു. പിന്നാലെ പോയ ആൾ തിരിച്ചുവന്നപ്പോൾ എന്തായെന്ന് അവർ അയാളോട് ചോദിച്ചു. നടന്നതെല്ലാം അയാൾ വിശദീകരിച്ചു പറഞ്ഞു. അവർ എല്ലാവരും അത്ഭുതപ്പെട്ടുപോയി. കുറച്ചു നേരം കഴിഞ്ഞപ്പോൾ അബൂജഹൽ ആ സദസ്സിലേക്ക് വന്നു. അയാളെ കണ്ട ഉടനെ നീ ഇത് എന്താണ് ചെയ്തതെന്ന് അവർ ചോദിച്ചു. ഉള്ളിൽ പോയിട്ട് പണം മുഴുവൻ കൊണ്ടുകൊടുത്തില്ലേ? ഇത്രമാത്രം നീ മുഹമ്മദിനെ ഭയപ്പെട്ടുവോ? അയാൾ പറഞ്ഞു. അല്ലാഹുവാണ! മുഹമ്മദിനെ എന്റെ വീട്ടുവാതിക്കൽ ഞാൻ കണ്ടപ്പോൾ അവനോടൊപ്പം ഒരു ഭ്രാന്തൻ ഒട്ടകവും തലയുയർത്തി നില്ക്കുന്നുണ്ടായിരുന്നു. ഞാനെന്തെങ്കിലും വേണ്ടാത്തത് ചെയ്താൽ അത് എന്നെ തിന്നുകളയുമെന്ന് എനിയ്ക്ക് തോന്നി.

നോക്കുക, സത്യനിഷേധികളുടെ ഉള്ളിലിരുപ്പ് മുഹമ്മദ് (സ) റാശായുടെ ആവശ്യം നിഷേധിക്കണമെന്നായിരുന്നു. അങ്ങനെ വരുമ്പോൾ ജനങ്ങൾ മുഹമ്മദിനെ വെറുക്കും. എന്നാൽ, നബി(സ) തന്റെ അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നതുകൊണ്ട് പൊടുന്നനെ എഴുന്നേറ്റു അയാളുടെ ഒപ്പം പോയി. അയാൾ എത്ര വലിയ നേതാവാണെന്ന് നോക്കിയില്ല. തന്റെ എത്ര വലിയ ശത്രുവാണെന്ന് നോക്കിയില്ല. മുഹമ്മദ് അബൂജഹലിന്റെയടുക്കൽ പണം വാങ്ങികൊടുക്കാൻ ചെന്നാൽ അബൂജഹൽ വെറുതെ വിടുകയില്ലെന്ന് ഖുറയ്ശി നേതാക്കൾ കരുതി. പക്ഷെ, അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നബിയുടെ തവക്കുൽ കാരണത്താൽ എത്ര നല്ല ഏർപ്പാടാണ് അവിടെ ചെയ്തത്. പണം മടക്കിക്കൊടുക്കാൻ ആ പാവം നിർബന്ധിതനായി. അത്തരമൊരവസ്ഥ അല്ലാഹു ഒരുക്കി. ഭയജനകമായ ഒട്ടകത്തെ അയാളുടെ കൺമുമ്പിൽ കൊണ്ടുവന്നു.

ഹിജ്റത്തിന്റെ സന്ദർഭം നോക്കുക. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള ദൃഢവിശ്വാസവും തവക്കുലും കാരണത്താൽ ശത്രുക്കളുടെ മുമ്പിലൂടെയാണ് അവിടന്ന് പുറപ്പെട്ടു പോയത്. ഒരു തരത്തിലുള്ള ഭയമോ പേടിയോ നബിതിരുമേനിയ്ക്ക് ഉണ്ടായില്ല. ഈ സംഭവം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

വിവിധ ഖുറയ്ശി ഗോത്രങ്ങളിലെ വലിയ നേതാക്കന്മാർ നബിതിരുമേനിയുടെ വീടു വളഞ്ഞു. നബി(സ) അല്ലാഹുവിന്റെ പേരിൽ വീട്ടിൽനിന്നിറങ്ങി. വാസ്തവത്തിൽ ആ നേതാക്കന്മാരെല്ലാം നബിയുടെ വീടിന്റെ വാതിലിന്നടുത്തുതന്നെ നില്പുണ്ടായിരുന്നു. പക്ഷെ, നബിതിരുമേനി പോകുകയാണെന്ന വിചാരമെ അവർക്കുണ്ടായില്ല. - അല്ലാഹു അവരുടെ ബുദ്ധിയ്ക്ക് മറയിട്ടിട്ടുണ്ടാവും. എന്തായാലും അവിടന്ന് അവിടെ നിന്ന് ഇറങ്ങി. - താൻ കിടന്ന സ്ഥലത്ത് ഹസ്റത്ത് അലി(റ)നെ കയറ്റിക്കിടത്തിയാണ് നബി(

സ) പുറപ്പെട്ടത്. താങ്കൾ പേടിക്കുകയൊന്നും വേണ്ടെന്നും എന്റെ കിടക്കയിൽ കയറി കിടക്കുകയെന്നും അലിയോട് നബി(സ) പറഞ്ഞു. ഒരു തരത്തിലുള്ള നഷ്ടവും താങ്കൾക്ക് ഉണ്ടാക്കാൻ ശത്രുക്കൾക്ക് കഴിയുകയില്ലെന്നും അറിയിച്ചു.

സൗർ ഗുഹയിൽ നബി(സ) എത്തി. ഹസ്റത്ത് അബൂബക്കർ (റ) കൂടെയുണ്ടായിരുന്നു. അവിടെ ചെന്നപ്പോൾ നബിതിരുമേനികാണിച്ച തവക്കുലിന്റെ ഉദാത്തമായ മാതൃക നമുക്കു കാണാം. വീട്ടിൽനിന്ന് പുറപ്പെട്ടു കഴിഞ്ഞുവെന്ന് ശത്രുക്കൾ മനസ്സിലാക്കിയപ്പോൾ നബിയെ തേടി അവർ പുറപ്പെട്ടു. വാസ്തവത്തിൽ നബിയുടെ കിടക്കയിൽ അലിയെ കണ്ടപ്പോൾ അവർ വിഷമിച്ചുപോയിരുന്നു. ഹസ്റത്ത് അബൂബക്കറിന്റെ വീട്ടിലും അവർ പോയി നോക്കി. സ്ത്രീകളോട് അക്രമം പ്രവർത്തിക്കുകയും ചെയ്തു.

നബിയെ അന്വേഷിച്ച് അവർ സൗർ ഗുഹയുടെ അരികിലെത്തി. എത്രമാത്രം സമീപത്തെത്തിയെന്നാൽ, അവരുടെ കാലുകൾ കാണാനും സംസാരങ്ങൾ കേൾക്കാനും ഗുഹയിലുള്ളവർക്ക് കഴിഞ്ഞിരുന്നു. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) അവരുടെ ഈ സംസാരം കേട്ട് വിഷമിച്ചു. പക്ഷെ, ഇവിടെയും നബി(സ)യുടെ തവക്കുലിന്റെ മറ്റൊരു തേജോവിലാസം നമുക്കു കാണാൻ കഴിയുന്നു. താങ്കൾ വിഷമിക്കണ്ടയെന്ന് അബൂബക്കർ സിദ്ദീഖിനോട് നബി(സ) പറഞ്ഞു. **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ** പരിഭ്രമിക്കണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. വീണ്ടും പറഞ്ഞു അബൂബക്കറേ! മൂന്നാമനായി അല്ലാഹു കൂട്ടിനുള്ള ഈ രണ്ടു വ്യക്തികളെ സംബന്ധിച്ച് താങ്കളുടെ വിചാരമെന്താണ്?

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയും വന്നിട്ടുണ്ട്. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) പറഞ്ഞു: ഞാനെന്റെ ജീവനോർത്തല്ല പരിഭ്രമിക്കുന്നത്. അല്ലാഹുവിന്റെ റസൂലേ! ഞാൻ വധിക്കപ്പെടുകയാണെങ്കിൽ എന്റെ ജീവൻ മാത്രമെ പോകുകയുള്ളു. നിർഭാഗ്യവശാൽ അങ്ങയുടെ മേലെന്തെങ്കിലും സംഭവിച്ചാൽ പിന്നെ സമുദായം മുഴുവനും ഇല്ലാതാകും. നബി(സ) ഇതുകേട്ടുകൊണ്ട് പറഞ്ഞു. പരിഭ്രമിക്കണ്ട അല്ലാഹു നമ്മോടൊപ്പമുണ്ട്. മൂന്നുദിവസത്തിനു ശേഷം അവർ സൗർ ഗുഹയിൽനിന്ന് പുറത്തിറങ്ങി. മദീനയിലേക്ക് യാത്ര ആരംഭിച്ചപ്പോഴും തവക്കുലിന്റെ മറ്റൊരു ശക്തി ദൃശ്യമായിരുന്നു. കുതിരയെ ഓടിച്ച് അവരുടെ പിന്നാലെ ഒരാൾ വരുന്നതായി അബൂബക്കർ (റ) കണ്ടു. അപ്പോൾ ഹസ്റത്ത് അബൂബക്കർ പരിഭ്രമചിത്തനായി പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! നമ്മെ ആരോ പിന്തുടരുന്നുണ്ട്. അപ്പോൾ നബി(സ) പറഞ്ഞു. വിഷമിക്കണ്ട കാര്യമൊന്നുമില്ല. നമ്മോടൊപ്പം അല്ലാഹുവുണ്ട്. ഇങ്ങനെ സകലവും അല്ലാഹുവിൽ നബി(സ) ഭരമേല്പിച്ചു. നബി പറഞ്ഞു. നാം അവനുവേണ്ടിയാണ് പുറപ്പെട്ടത്. അവന്റെ കല്പനയാലാണ് പുറപ്പെട്ടത്. അവൻ തന്നെ നമ്മെ സംരക്ഷിക്കും.

സുറാഖ താൻതന്നെ ഇക്കാര്യം വിവരിക്കുന്നുണ്ട്. ഞാൻ അവരെ പിന്തുടർന്ന് അവരുടെ അടുത്തെത്തിയപ്പോൾ എന്റെ കുതിര ഇടയുകയും ഞാൻ താഴെ വീഴുകയും ചെയ്തു. അപ്പോൾ ഞാൻ ശകുനം നോക്കി. പിന്തുടരണ്ടായെന്നാണ് ശകുനത്തിൽ തെളിഞ്ഞത്. എങ്കിലും എന്റെ അത്യാഗ്രഹം എന്നെ അതിനനുവദിച്ചില്ല. കാരണം സത്യനിഷേധികൾ മുഹമ്മദിനെ പിടിച്ചുകൊണ്ടു വരുന്നവർക്ക് നൂറു ഒട്ടകം പ്രതിഫലം നല്കുമെന്ന് വിളംബരം ചെയ്തിരുന്നു. ഇരുഭാഗത്തുനിന്നും നൂറുവീതം ഇരുന്നൂർ ഒട്ടകമായിരുന്നു പ്രതിഫലം പ്രഖ്യാപിച്ചിരുന്നത്. അതുകൊണ്ടാണ് ശകുനഫലത്തെ വകവെക്കാതെ വീണ്ടും അവരെ പിന്തുടരാൻ ഞാൻ മുതിർന്നത്. പിന്നെയും കുതിര ഇടഞ്ഞു. അദ്ദേഹം പറയുന്നു. അങ്ങനെ ഞാൻ നബിയുടെ ഖുർആൻ പാരായണത്തിന്റെ ശബ്ദം കേൾക്കാവുന്നത്ര അടുത്തെത്തി. ഈ അവസ്ഥയിൽ ഹസ്റത്ത് അബൂബക്കർ(റ) ആവർത്തിച്ചാവർത്തിച്ച് തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു. എന്നാൽ നബി(സ) ഒരിക്കൽ പോലും തിരിഞ്ഞുനോക്കിയില്ല. നബി(സ)ന് തന്റെ അല്ലാഹുവിൽ പൂർണവിശ്വാസമുണ്ടായിരുന്നു. തന്നെ രക്ഷിക്കുമെന്ന് പൂർണമായ തവക്കുലുണ്ടായിരുന്നു. അതുകൊണ്ട് തിരിഞ്ഞുനോക്കണമെന്ന ചിന്തയെ ഉണ്ടായില്ല. എന്തായാലും വീണ്ടും ഞാൻ ശകുനം നോക്കി. എനിയ്ക്കെതിരായിട്ടാണ് ശകുനം തെളിഞ്ഞത്. അപ്പോൾ ഞാനെന്റെ നിയ്യത്ത് മാറ്റിക്കൊണ്ട് വിളിച്ചു പറഞ്ഞു: ഞാൻ ഇന്ന വിചാരത്തോടെയാണ് വന്നത്. നിങ്ങളെ പിന്തുടരുന്നത് ശരിയല്ല എന്നു ഞാൻ മനസ്സിലാക്കുന്നു. ഞാൻ മടങ്ങിപ്പോകുകയാണ്. ഇങ്ങനെ താൻ വന്ന കാര്യമെല്ലാം പറഞ്ഞിട്ട് പോകാനൊരുങ്ങുമ്പോൾ, 'അങ്ങയ്ക്ക് അറേബ്യയുടെ മേൽ വിജയമുണ്ടാകുമ്പോൾ എന്നെ മറക്കരുതെ' എന്നും അദ്ദേഹം വിളിച്ചു പറഞ്ഞു. പിന്നീട് നബിതിരുമേനിയിൽനിന്ന്, തന്നെ ഓർമിക്കുമെന്നുള്ള കരാർ അയാൾ എഴുതിവാങ്ങിച്ചു. കിസ്രായുടെ സ്വർണവളകൾ താങ്കളുടെ കൈകളിൽ അണിയുന്ന വേളയിൽ താങ്കളുടെ അവസ്ഥ എന്തായിരിക്കും എന്ന സുവാർത്തയും നബിതിരുമേനി സുറാഖയെ അറിയിച്ചു. അതുകേട്ടപ്പോൾ സുറാഖ അത്ഭുതപ്പെട്ടുപോയി. ഇക്കാര്യം ഹസ്റത്ത് ഉമർ (റ)ന്റെ കാലത്ത് പുലർന്നു.

ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നതിനുശേഷം സത്യനിഷേധികൾ നബിയുടെ മേൽ യുദ്ധം അടിച്ചേല്പിച്ചു. നബി(സ) നിസ്സാരരായ സ്വഹാബിമാരോടൊപ്പം - അവർക്കാണെങ്കിൽ പറയത്തക്ക ആയുധം പോലുമുണ്ടായിരുന്നില്ല - അല്ലാഹുവിൽ എല്ലാം ഭരമേല്പിച്ചുകൊണ്ട് അംഗസംഖ്യയിലും യുദ്ധ പരിചയത്തിലും ആയുധങ്ങളുടെ കാര്യത്തിലും തങ്ങളെക്കാൾ ശക്തരായ എതിരാളികൾക്കെതിരിൽ അണിനിരന്നു. ഈ സംഭവം ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

ബദ്ർ യുദ്ധ ദിവസം നബി(സ) തന്റെ

സൈന്യത്തെ തയ്യാറാക്കുകയും അവർക്ക് വേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ട് ദുആയിൽ മുഴുകി: **അല്ലാഹുമ്മ ഇൻ തഹ്‌ലിക് ഹാദിഹിൽ ഇസാബത്ത മിൻ ആലിൽ ഇസ്‌ലാമി ലാ തഅ്ബുദ് ഫിൽ അർള്** അല്ലാഹുവേ, മുസ്‌ലീങ്ങളുടെ ഈ ജമാഅത്തിനെ ഇന്നു നീ നശിപ്പിക്കുകയാണെങ്കിൽ പിന്നീട് ഭൂമിയിൽ നിന്നെ ആരാധിക്കാൻ ആരുമുണ്ടാവുകയില്ല. നബി(സ) കൈകളുയർത്തി അങ്ങേയറ്റം വിഷമത്തോടെ ഈ ദുആ തുടരെത്തുടരെ ചെയ്തുകൊണ്ടിരുന്നു. നിവേദകൻ പറയുന്നു. എത്രത്തോളമെന്നാൽ ആ ദുആയുടെ കടുപ്പം കൊണ്ട് അവിടത്തെ ശരീരം വിറക്കുകയും രണ്ടാംമുണ്ട് തറയിൽ വീഴുകയും ചെയ്തു. ഹസ്റത്ത് അബൂബക്കർ (റ) മുന്നോട്ടുവന്ന് അവിടത്തെ രണ്ടാംമുണ്ട് തോളിലിട്ടുകൊടുത്തു. എന്നിട്ടു പറഞ്ഞു അല്ലാഹുവിന്റെ റസൂലേ! ഇനി പ്രാർത്ഥന മതിയാക്കിയാലും അങ്ങ് അങ്ങയുടെ അല്ലാഹുവിനോട് ഒരുപാട് ദുആ ചെയ്തു. അല്ലാഹു തീർച്ചയായും അങ്ങയോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കും.

ഈ പ്രാർത്ഥന, താണുകേണുള്ള ഈ അപേക്ഷ, ഈ നിലവിളി ഏതെങ്കിലും ഭയം നിമിത്തമായിരുന്നില്ല. അല്ലാഹു സഹായിക്കുമോ എന്ന വിചാരം കൊണ്ടുമായിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ നിസ്സാരരും നിരാലംബരുമായ തന്റെ സ്വഹാബിമാരോടൊപ്പം അവിടന്ന് പുറത്തിറങ്ങുമായിരുന്നില്ല. വാസ്തവത്തിൽ ഈ പ്രാർത്ഥന അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടിയായിരുന്നു. അത് അത്യാവശ്യവുമായിരുന്നു. അതുകൊണ്ടാണ് സൈന്യത്തെ അണിയണിയായി നിർത്തിയതിനുശേഷം യുദ്ധമുറകൾ മനസ്സിലാക്കിക്കൊടുത്തതിനുശേഷം അവിടന്ന് അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തത്. ചെയ്യാവുന്നതൊക്കെ ചെയ്തു. എന്തെല്ലാം തങ്ങൾക്ക് സംഘടിപ്പിക്കാൻ കഴിയുമോ അതെല്ലാം സംഘടിപ്പിച്ചു. പറഞ്ഞു. അല്ലാഹുവേ! ഇതെല്ലാം നിന്നിൽ വിശ്വാസമുറപ്പിച്ചുകൊണ്ട് മാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് നീ നിന്റെ വാഗ്ദാനം പൂർത്തിയാക്കിത്തരേണമേ. ഇന്ന് എന്റെ അനുയായികളുടെ ഈമാൻ വർധിക്കുന്നതിനും അവരുടെ തവക്കുലിന്റെ അവസ്ഥ ഉയരുന്നതിനും വേണ്ടി ഒരിക്കലും മറക്കാനാവാത്തവണ്ണം നിന്റെ സഹായം നീ അവർക്ക് കാണിക്കേണമേ. അത് ഭാവിയിൽ വരുന്നവർക്കും ഓർമിക്കത്തക്കതായിരിക്കേണമേ.

നബിതിരുമേനിയ്ക്കുണ്ടായിരുന്ന ദൃഢവിശ്വാസം നോക്കുക. യുദ്ധത്തിനുമുമ്പേ അവിടന്ന്, ശത്രുക്കളിൽ ഇന്നയാൾ എവിടെ മരിച്ചുവീഴുമെന്നും എങ്ങനെ മരിച്ചുവീഴുമെന്നും പറഞ്ഞിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ബദ്ർ യുദ്ധദിവസം യുദ്ധം തുടങ്ങുന്നതിനുമുമ്പേ നബി(സ) യുദ്ധമൈതാനത്ത് ചിലയിടങ്ങളിൽ തന്റെ കൈകൊണ്ട് അടയാളമിട്ടുകൊണ്ട് പറഞ്ഞു. ഇവിടെ ഇന്നയാൾ വധിക്കപ്പെടും അയാൾ വീഴുന്ന സ്ഥലമിതാണ്. ഇത് ഇന്ന ശത്രു വധിക്കപ്പെടുകയും വീഴുകയും ചെയ്യുന്ന സ്ഥലമാണ്. ഹസ്റത്ത് സഅ്ദ് ബിൻ ഉബാദാ (റ) പറയുന്നു. എവിടെയൊക്കെ നബിതിരുമേനി അടയാളമിട്ടുവോ അതിനല്പം പോലും മാറ്റം വരാതെ ഓരോ സത്യനിഷേധിയും ആ അടയാളമിട്ട സ്ഥലത്തുതന്നെ മരിച്ചുവീണു.

വേറൊരു ഉദാഹരണം കാണുക. ഹസ്റത്ത് ജാബിർ (റ) പറയുന്നു. ഞാൻ നബിയോടൊപ്പം ഒരു യുദ്ധത്തിനുപോയി. നബിതിരുമേനി സ്വഹാബിമാരോടൊപ്പം തിരിച്ചു വരുമ്പോൾ ഉച്ചയായിരുന്നു. മരക്കൂട്ടങ്ങളുള്ള ഒരു താഴ്‌വരയിൽ ആ സംഘമെത്തി. അവിടെ നബി(സ) തമ്പടിച്ചു. മറ്റുള്ളവർ ഓരോ ഇടങ്ങളിലും വിശ്രമിക്കാൻ തുടങ്ങി. നബിതിരുമേനിയും ഒരു മരച്ചുവട്ടിൽ വിശ്രമിച്ചു. തന്റെ വാൾ ഒരു മരത്തിൽ തൂക്കിയിട്ടിരിക്കുകയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ നബിയെ ഒരാൾ ഉണർത്തി. അയാളുടെ കൈയിൽ വാളുണ്ടായിരുന്നു. സ്വഹാബിമാരെ വിളിച്ചുവരുത്തി അവിടന്ന് നടന്ന സംഭവമെല്ലാം കേൾപിച്ചു: ഞാനുറങ്ങുകയായിരുന്നു. ഗ്രാമീണനായ ഒരാൾ വന്നു. എന്നിൽ നിന്ന് ഇപ്പോൾ നിന്നെ രക്ഷിക്കാൻ ആരുണ്ട് എന്ന് വിളിച്ചുണർത്തിയ ആൾ ചോദിച്ചു. ഞാൻ മൂന്നു പ്രാവശ്യം അയാളോട് പറഞ്ഞു. അല്ലാഹ് അല്ലാഹ് അല്ലാഹ്. ഇതുകേട്ടപ്പോൾ അയാളുടെ കൈയിൽനിന്ന് വാൾ തറയിൽ വീണു. അയാൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. വാൾ അയാളുടെ കൈയിൽനിന്ന് തറയിൽ വീണപ്പോൾ നബി(സ) ആ വാൾ കൈയിലെടുത്തുകൊണ്ട് താങ്കളെ ഇപ്പോൾ ആര് രക്ഷിക്കുമെന്ന് ചോദിച്ചു. അതുകേട്ടപ്പോൾ അയാൾ പരിഭ്രമിച്ചുപോയി. മാപ്പു ചോദിക്കാൻ തുടങ്ങി. അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലെന്നും ഞാനല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷി പറയാൻ നീ തയ്യാറാണോയെന്ന് നബിതിരുമേനി അയാളോട് ചോദിച്ചു. അയാൾ പറഞ്ഞു. ഞാനത് വിശ്വസിക്കുന്നില്ല. പക്ഷെ, ഇനിയൊരിക്കലും അങ്ങയുമായി യുദ്ധം ചെയ്യുകയില്ലെന്നും അങ്ങയോട് യുദ്ധം ചെയ്യുന്നവരുടെ കൂടെ കൂടുകയില്ലെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. നബിതിരുമേനി അയാൾക്ക് മാപ്പുകൊടുത്തു. അയാൾ തന്റെ ജനതയുടെ അടുത്ത് ചെന്നു പറഞ്ഞു: ലോകത്ത് വെച്ച് ഏറ്റവും ഉത്കൃഷ്ടനായ ഒരാളുടെ അടുക്കൽ നിന്നാണ് ഞാൻ വരുന്നത്.

നോക്കുക, ഒരിക്കൽ കൊലപ്പെടുത്തുവാൻവേണ്ടി വന്നയാൾ അവസാനം സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി കേഴുന്നു.

അഹ്സാബ് യുദ്ധം നടക്കുന്ന കാലത്ത് മുസ്‌ലിംകൾ അങ്ങേയറ്റം ഞെരുക്കത്തിലായിരുന്നു. മദീനയിൽനിന്നുകൊണ്ട് തന്നെ ശത്രുവിനെ നേരിടാൻ തീരുമാനമെടുത്തിരുന്നു. ഇതെന്തെങ്കിലും ഭയം കൊണ്ടോ തവക്കുലിൽ വന്ന കുറവുകൊണ്ടോ ആയിരുന്നില്ല. മറിച്ച് യുദ്ധതന്ത്രമനുസരിച്ചായിരുന്നു. മദീനയ്ക്ക് ചുറ്റും ഒരു കിടങ്ങ് ശത്രുക്കളുടെ പെട്ടെ

ന്നുള്ള ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻവേണ്ടി കുഴിച്ചുണ്ടാക്കി. മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരമായിരുന്നു. മിക്കവരും പട്ടിണിയിലായിരുന്നു. ഇങ്ങനെയൊക്കെയായിരുന്നിട്ടും എല്ലാവരും കിടങ്ങുകുഴിക്കുന്നതിൽ ഭാഗഭാക്കായി. അറേബ്യയിലെ എല്ലാ ഗോത്രക്കാരും സംഘടിച്ചുകൊണ്ടാണ് ആക്രമണം നടത്തിയത്. വിവിധ നിവേദനങ്ങളിൽ അവരുടെ അംഗസംഖ്യ വിവിധ രീതിയിൽ വന്നിട്ടുണ്ട്. എന്തായാലും ഏറ്റവും കുറഞ്ഞത് പത്തായിരം പേർ എതിർ സൈന്യത്തിലുണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. പതിനാലായിരമെന്നും ഇരുപത്തിനാലായിരമെന്നും നിവേദനങ്ങളിൽ വന്നിട്ടുണ്ട്. പതിനായിരമെന്നു പറയുന്നതുതന്നെ മദീനയിലെ ജനസംഖ്യ വെച്ചു നോക്കുമ്പോൾ വലിയ സംഖ്യയാണ്. മുസ്‌ലിംകൾ ദാരിദ്ര്യവും ഞെരുക്കവുമൊക്കെയുണ്ടായിട്ടും അംഗസംഖ്യ കുറവായിരുന്നിട്ടും ഈ വൻസൈന്യത്തെ നേരിടാൻ തയ്യാറായി. കുറഞ്ഞ അംഗബലമായതുകൊണ്ട് മദീനയ്ക്കുള്ളിൽനിന്നു തന്നെ ശത്രുവിനെ നേരിടുകയെന്നത് യുദ്ധ തന്ത്രമായിരുന്നു.

അല്ലാഹു ഈ യുദ്ധത്തെക്കുറിച്ച് നബിയെ മുൻകൂട്ടി അറിയിക്കുകയും മുസ്‌ലിംകളുടെ ഈമാനെ വർധിപ്പിക്കുകയും ചെയ്തു. ഇതും അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ്. കാരണം എതിരാളികളുടെ വൻസൈന്യത്തെ കണ്ട് മുസ്‌ലിംകൾ ഭയന്നില്ല. എന്നല്ല, നബി(സ)ന്റെ തവക്കുൽ മുസ്‌ലിംകളുടെ തവക്കുലിനെ വർധിപ്പിക്കുകയും ചെയ്തു. എതിരാളികളുടെ കപടവിശ്വാസികളുടെയും വാക്കുകൾ കേട്ടിട്ടും അവരുടെ ഉത്സാഹത്തിന് ഒരു കുറവും വന്നില്ല. ഈ സ്ഥിരചിത്തതയും തവക്കുലുംകൊണ്ട് അല്ലാഹു എന്തെന്തെല്ലാം ഏർപ്പാടാണ് ചെയ്തതെന്ന് നോക്കുക. വീശിയടിച്ച ശക്തമായ കാറ്റ് ശത്രുക്കളെ വിഹ്വലരാക്കിത്തീർത്തു. അവർ ഓടി മറഞ്ഞു. ഒരുപാട് ഭക്ഷണവസ്തുക്കളും മറ്റും ഉപേക്ഷിച്ചിട്ടാണ് അവർ പിന്തിരിഞ്ഞോടിയത്. അത് മുസ്‌ലിംകൾക്ക് പ്രയോജനപ്പെട്ടു. ഇതായിരുന്നു അല്ലാഹുവിൽ സകലതും ഭരമേല്പിച്ചതിന്റെ ഫലം. ഈ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടക്കുമ്പോൾ, കിടങ്ങുകുഴിക്കുമ്പോൾ, നബിതിരുമേനിയുടെ തവക്കുലിന്റെയും മുഅ്ജിസത്തിന്റെയും മറ്റൊരുദാഹരണവും നമുക്ക് ലഭിക്കുന്നുണ്ട്. ഹസ്റത്ത് ജാബിർ (റ) പറയുന്നു: ഞങ്ങൾ കിടങ്ങുകുഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കരിങ്കൽ പാറ അതിനിടയിൽ തടസം സൃഷ്ടിച്ചു. നബിതിരുമേനിയെ ആ വിവരം അറിയിച്ചു. അവിടന്ന് എഴുന്നേറ്റ് അവരോടൊപ്പം പോയി. ആ സന്ദർഭത്തിൽ നബി(സ) വിശപ്പുകൊണ്ട് തന്റെ വയറ്റിൽ കല്ലുവെച്ചു കെട്ടിയിരുന്നു. കാരണം മൂന്നു ദിവസമായി ഒന്നും കഴിച്ചിരുന്നില്ല. നബിതിരുമേനി പിക്കാസ് കൈയിലെടുത്തു ആ കരിങ്കൽ പാറയുടെ മേൽ ആഞ്ഞുവെട്ടി. പാറ പൊട്ടി പിളർന്നു കഷണങ്ങളായി. അല്ലാഹുവിന്റെ റസൂലേ! എനിക്ക് വീട്ടിൽ പോയി വരാൻ അനുവാദം തന്നാലും എന്ന് ഞാൻ പറഞ്ഞു. അവിടന്ന് എനിക്ക് അനുവാദം തന്നു. ഹസ്റത്ത് ജാബിർ (റ) വീട്ടിൽ വന്ന് തന്റെ ഭാര്യയോട് നബിയുടെ വിഷമാവസ്ഥ അറിയിച്ചു. നിന്റെ പക്കൽ കഴിക്കാൻ വല്ലതുമുണ്ടോ? എന്നു ചോദിച്ചു. തന്റെ കൈയിൽ കുറച്ച് യവവും ഒരു ആട്ടിൻകുട്ടിയുമുണ്ടെന്ന് അവർ പറഞ്ഞു. ഞാൻ ആട്ടിൻകുട്ടിയെ അറുത്തു. എന്റെ ഭാര്യ യവം പൊടിച്ചു. അങ്ങനെ ഇറച്ചി അടുപ്പത്തുവെച്ചു. ഞാൻ നബിയുടെ അടുക്കൽ വന്നു പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! എന്റെ വീട്ടിൽ അല്പം ഭക്ഷണമുണ്ട്. അങ്ങ് വന്നാലും. ഒന്നോ രണ്ടോ ആളുകളെക്കൂടി വിളിച്ചാലും. ഭക്ഷണം എത്രയുണ്ടെന്ന് നബി ചോദിച്ചു. ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞു. നബിതിരുമേനി പറഞ്ഞു. കസീറുൻ ത്വയ്യിബുൻ ഇതു വളരെയധികവും നല്ലതുമായ ഭക്ഷണമാണ്. ഞാൻ വരുന്നതുവരെ കറി ഇറക്കരുതെന്നും റൊട്ടി ചുടരുതെന്നും ഭാര്യയോട് പറയാൻ നബി(സ) പറഞ്ഞു. എന്നിട്ട് എല്ലാവരെയും കൂട്ടി നബി(സ) ജാബിറിന്റെ വീട്ടിലെത്തി. അതിനുമുമ്പേ ജാബിർ വീട്ടിലെത്തിയിരുന്നു. നബി(സ) തന്റെ എല്ലാ സ്വഹാബിമാരോടൊപ്പമാണ് വരുന്നതെന്ന് ഭാര്യയെ അറിയിച്ചു. എന്തായാലും നബി(സ) വന്നു. ആരും ബഹളമുണ്ടാക്കരുതെന്ന് അവിടന്ന് പറഞ്ഞു. ഇറച്ചിച്ചെമ്പും ആട്ടയും അവിടന്ന് മൂടി. അതിന്റെ മൂടി നീക്കിയില്ല. അവിടന്ന് ഓരോരുത്തർക്കായി റൊട്ടിയും കറിയും വിളമ്പിക്കൊണ്ടിരുന്നു. എല്ലാവരും വയറുനിറയെ തിന്നുന്നതുവരെ അതു തുടർന്നു. എന്നിട്ടും ആഹാരം ബാക്കിയായി. സ്വയം തിന്നുകയും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുകയെന്ന് അവിടന്ന് നിർദ്ദേശിച്ചു. കാരണം കുറെ നാളായി ജനങ്ങൾ പട്ടിണിയിലായിരുന്നു. ഈ അനുഗ്രഹം അല്ലാഹുവിൽ സകലവും ഭരമേല്പിച്ചതിന്റെ ഫലം തന്നെയായിരുന്നു. തന്റെ പ്രാർത്ഥനയുടെ അനുഗ്രഹം കൊണ്ട് അല്ലാഹു അത്ഭുതം കാണിക്കുമെന്ന് നബിയ്ക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. അല്പം സാധനം ലഭിക്കേണ്ട താമസമെ ഉണ്ടായിരുന്നുള്ളു. ഗ്രാമം മുഴുവനുമുള്ളവർ ഒരാട്ടിൻകുട്ടിയുടെ മാംസവും കുറച്ചു ആട്ടയും കൊണ്ട് വയറുനിറയെ ഭക്ഷിച്ചു. നബിതിരുമേനിയുടെ ദുആ സ്വീകാര്യതയുടെ ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) പറയുന്നു. നബി(സ) രാത്രി നമസ്കാരം കഴിഞ്ഞാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ, ഞാൻ ദുആ ചെയ്യുന്നു. നീ തന്നെയാണ് ദുആ സ്വീകരിക്കുന്നവൻ. അല്ലാഹുവേ, ഇതാണെന്റെ പരിശ്രമം, ഞാൻ നിന്നിൽ മാത്രം തവക്കുൽ ചെയ്യുന്നു. എന്തു കാര്യം നബി(സ) ചെയ്താലും, അത് സ്വീകരിക്കാനും ദുആ ചെയ്യുമായിരുന്നു. തവക്കുൽ പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ, ഞാൻ നിന്നെ മാത്രം അനുസരിക്കുന്നു. നിന്നിൽ മാത്രം വിശ്വസിക്കുന്നു. നിന്നിൽ തവ

ക്കുൽ ചെയ്യുന്നു. നിന്റെ മുമ്പിൽ കുനിയുന്നു. നിന്റെ സഹായത്തോടെ ശത്രുക്കളെ നേരിടുന്നു. അല്ലാഹുവേ, ഞാൻ നിന്നിൽ അഭയം തേടുന്നു. നിന്നെ കൂടാതെ ഒരാരാധ്യനുമില്ല. നീ എന്നെ വഴികേടിൽനിന്ന് രക്ഷിക്കേണമേ! നീ ജീവിച്ചിരിക്കുന്നവനാണ്. നിന്നെ കൂടാതെ ആർക്കും അമരത്തമില്ല. ജിന്നിനും ഇൻസിനുമെല്ലാം മരണം വിധിക്കപ്പെട്ടിരിക്കുന്നു.

ഒരു ദുആ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഹസ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു. അവിടന്ന് റുകൂഇന് പോകുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു.

**അല്ലാഹുമ്മ ലക്ക റക്കഅ്തു വബിക്ക ആമൻതു വ ലക്ക അസ്‌ലംതു വ അലയ്ക്ക തവക്കൽതു അൻത റബ്ബി ഖശഅ സംഊ വ ബസ്വരീ വ ലഹ്മീ വ ദമീ വ ഇളാമീ വ മുഖ്ഖീ വ അസ്ബീ ലില്ലാഹി റബ്ബിൽ ആലമീൻ.**

അല്ലാഹുവേ, നിനക്കുവേണ്ടി ഞാൻ റുക്കൂഅ് ചെയ്തു. നിന്നിൽ വിശ്വസിച്ചു. ഞാൻ നിന്നെ മാത്രം അനുസരിക്കുന്നവനാണ്. നിന്നിൽ മാത്രമാണ് ഞാൻ തവക്കുൽ ചെയ്യുന്നത്. നീ തന്നെയാണ് എന്റെ രക്ഷിതാവ്. എന്റെ ചെവികളും എന്റെ കണ്ണുകളും എന്റെ മാംസവും എന്റെ രക്തവും എല്ലുകളും തലച്ചോറും എന്റെ ഞരമ്പുകളും സർവലോക പരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു.

ഹസ്റത്ത് ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു. നബി(സ) വീട്ടിൽ നിന്നിറങ്ങുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു.

**ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി, അല്ലാഹുമ്മ ഇന്നി അഊദുബിക്ക മിൻ അൻ ഉസില്ല അവ് ഉളില്ല അവ് അള്‌ലിമ അവ് ഉള്‌ലിമ അവ് അജ്ഹല അവ് ഉജ്ഹല അലയ്യ.**

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിൽ ഞാൻ സർവവും ഭരമേല്പിക്കുന്നു. അല്ലാഹുവേ, വഴിതെറ്റിപ്പോകുന്നതിൽ നിന്ന് ഞാൻ നിന്നെ അഭയം തേടുന്നു; അതുപോലെതന്നെ വഴിതെറ്റിക്കുന്നതിൽനിന്നും. തെറ്റുന്നതിൽനിന്നും തെറ്റിക്കുന്നതിൽ നിന്നും നിന്നെ അഭയം തേടുന്നു. ആരുടെയെങ്കിലും മേൽ അക്രമം ചെയ്യുന്നതിൽ നിന്നും, അല്ലെങ്കിൽ എന്റെ മേൽ ആരെങ്കിലും അക്രമം ചെയ്യുന്നതിൽ നിന്നും നിന്നെ അഭയം തേടുന്നു. അവിവേകമോ അനുസരണക്കേടോ പറയുന്നതിൽ നിന്നും അല്ലെങ്കിൽ എനിക്കെതിരിൽ ആരെങ്കിലും അക്രമം പ്രവർത്തിക്കുന്നതിൽ നിന്നും പറയുന്നതിൽ നിന്നും നിന്നെ അഭയം തേടുന്നു.

അതായത് നബി(സ) അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട്, ഈ എല്ലാ ദോഷങ്ങളിൽ നിന്നും അല്ലാഹുവിനോടു രക്ഷ തേടുന്നു.

ഹസ്റത്ത് അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി(സ) രാത്രിനേരത്ത് നമസ്കരിക്കാൻ നിന്നാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ, നിനക്കാണ് സർവസ്തുതിയും. നീ ആകാശത്തിന്റെയും ഭൂമിയുടെയും പ്രകാശമാണ്. നിനക്കാണ് സർവസ്തുതിയും. നീ ഭൂമിയേയും ആകാശത്തേയും നിലനിർത്തുന്നവനാണ്. നിനക്കാണ് സർവസ്തുതിയും. നീ ഭൂമിയുടെയും ആകാശത്തിന്റെയും പരിപാലകനാണ്; അതിനിടയിലുള്ളതിന്റെയും. നീ സത്യമാണ്. നിന്റെ വാഗ്ദാനവും സത്യമാണ്. നിന്റെ സ്വർഗവും സത്യമാണ്. നിന്റെ നരകവും സത്യമാണ്. ഖിയാമത്തും സത്യമാണ്. അല്ലാഹുവേ ഞാൻ നിന്നെ അനുസരിക്കുകയാണ്. നിന്നിൽ വിശ്വസിക്കുകയും ചെയ്യുന്നു. നിന്നിൽ തവക്കുൽ ചെയ്തു. നിന്റെ മുമ്പിൽ കുനിഞ്ഞു. നിനക്കുവേണ്ടി പോരാടി. നിന്നെ വിധി കർത്താവാക്കി. അതുകൊണ്ട് നീ എനിക്ക് മാപ്പു നല്കേണമേ. എന്നിൽ നിന്നുണ്ടായ തെറ്റുകുറ്റങ്ങളും ഉണ്ടാകാനിടയുള്ള തെറ്റുകുറ്റങ്ങളും രഹസ്യവും പരസ്യവുമായി ചെയ്യാനിടയുള്ള തെറ്റുകുറ്റങ്ങളും നീ എനിക്ക് പൊറുത്തു തരേണമേ. ആദ്യം ഞാൻ ചെയ്തതും അല്ലെങ്കിൽ പിന്നീട് ഞാൻ ചെയ്തതും മറച്ചുവെയ്ക്കാത്തതും വെളിവാക്കാത്തതുമായ തെറ്റുകുറ്റങ്ങളും പൊറുത്തു തരേണമേ. നീ തന്നെയാണ് എന്റെ ആരാധ്യൻ നിന്നെ കൂടാതെ ഒരു ആരാധ്യനുമില്ല.

തന്റെ എല്ലാ അനക്കമടക്കവും എല്ലാ പ്രവൃത്തിയും അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ടുള്ളതായിരുന്നുവെന്ന് പ്രകടമാക്കുന്നതാണ് നബി തിരുമേനിയുടെ ഓരോ പ്രാർത്ഥനയും. അത് അല്ലാഹുവിലുള്ള ദൃഢവിശ്വാസവും തവക്കുലുമില്ലാതെ തനിയ്ക്കൊരു ജീവിതവുമില്ലെന്ന് വ്യക്തമാക്കുന്നതാണ്. അവസാനമായി ഉണ്ടായ രോഗത്തിലും അവിടത്തെ തവക്കുൽ എങ്ങനെയാണ് പ്രകടമായത്. ഹസ്റത്ത് ആയിശ(റ) പറയുന്നു. എന്റെ കൈയിൽ നബി (സ) ഏഴോ എട്ടോ ദിനാർ തന്നു. അവസാന സമയത്ത് എന്നോട് ചോദിച്ചു. ആയിശാ! നിന്റെ കൈയിൽ തന്ന ആ സ്വർണനാണയം എന്തുചെയ്തു. അതെന്റെ കൈയിലുണ്ടെന്ന് ഞാൻ പറഞ്ഞു. അത് സദഖ കൊടുക്കാൻ അവിടന്ന് നിർദ്ദേശിച്ചു. പിന്നീട് ഹസ്റത്ത് ആയിശാ(റ) ഏതോ ജോലിയിൽ പെട്ടുപോയി. നബിയ്ക്ക് ഓർമ വന്നപ്പോൾ സദഖ കൊടുത്തോ എന്ന് വീണ്ടും ചോദിച്ചു. ഇല്ലായെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ടുവരാൻ നബി(സ) പറഞ്ഞു. അത് വാങ്ങി കൈയിൽവെച്ച് എണ്ണിനോക്കി. പറഞ്ഞു. അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തുന്നതിനും ദുനിയാവിൽ നിന്നും വേർപെടുന്നതിനും മുമ്പേ മുഹമ്മദിന്റെ കൈയിൽ ഇതിരുന്നാൽ പിന്നെ അല്ലാഹുവിലുള്ള തവക്കുലിന് എന്തർത്ഥമാണുള്ളത്? പിന്നീട് നബി(സ) അത് സദഖ കൊടുത്തു. ആ ദിവസം തന്നെ അവിടന്ന് ദിവംഗതനായി.

എന്റെ ശേഷം എന്റെ ഭാര്യമാരും മക്കളും എങ്ങനെ ജീവിക്കുമെന്ന ചിന്ത നബിയ്ക്കുണ്ടായിരുന്നില്ല. കുട്ടികളുണ്ടായിരുന്നു. മകളുടെ മക്കളുണ്ടായിരുന്നു. അവർക്കുവേണ്ടി എന്തെങ്കിലും വിട്ടും വെച്ച് പോകണമെന്ന ആഗ്രഹമുണ്ടായില്ല. അല്ലാഹു, തന്റെ ശേഷം താൻ കാരണം അവരുടെയും സംര

ക്ഷകനായിരിക്കുമെന്നും അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുമെന്നും നബിയ്ക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് വീട്ടിലെന്താണുള്ളത് അതെല്ലാം സദഖ കൊടുക്കാൻ കല്പിച്ചു. ഉമ്മത്തിനെ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു. ഉമർ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. ഞാൻ നബിതിരുമേനി പറയുന്നതായി കേട്ടു. നിങ്ങൾ അല്ലാഹുവിൽ എല്ലാ കാര്യവും ഭരമേല്പിക്കേണ്ട രീതിയിൽ ഭരമേല്പിക്കുകയാണെങ്കിൽ അവൻ തീർച്ചയായും പക്ഷികൾക്ക് ആഹാരം കൊടുക്കുന്നതുപോലെ നിങ്ങൾക്കും നല്കുന്നതാണ്. അവ രാവിലെ വെറുംവയറോടെ കൂട്ടിൽനിന്ന് പുറപ്പെട്ടുപോകുകയും വൈകുന്നേരം വയറുനിറച്ച് തിരിച്ചുവരികയും ചെയ്യുന്നു.

ഇവിടെ തവക്കുൽ ചെയ്യേണ്ട മുറയെക്കുറിച്ചാണ് നബി പറഞ്ഞിരിക്കുന്നത്. അല്ലാഹുവിൽ തവക്കുൽ ചെയ്യേണ്ട മുറയുണ്ടാകുന്നത് അവനിൽ പരിപൂർണവിശ്വാസമുണ്ടാകുമ്പോഴാണ്. അവന്റെ എല്ലാ ശക്തികളിലും എല്ലാ സവിശേഷ ഗുണങ്ങളിലും തികഞ്ഞ വിശ്വാസമുണ്ടാകുമ്പോഴാണ്. അവന്റെ കല്പന അനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അത്തരം അവസ്ഥ ഉണ്ടാകുമ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് തന്റെ ദാസരുടെ ജാമ്യക്കാരനാകുകയും അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബിതിരുമേനി തന്റെ ഉമ്മത്തിന് സുവിശേഷം നല്കി. ഹസ്റത്ത് ഹുസൈൻ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. ഞാൻ സഈദ് ബിൻ ജുബൈറിന്റെ അടുക്കലായിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു. എന്നോട് ഇബ്നു അബ്ബാസ് പറഞ്ഞു. നബി(സ) അരുൾ ചെയ്തു: എന്റെ മുന്നിൽ സമുദായങ്ങളെ കൊണ്ടുവന്നു. ഓരോ സമുദായത്തിനോടൊപ്പം അവരുടെ നബിയുമുണ്ടായിരുന്നു. ഒരു നബിയോടൊപ്പം പത്തും ഒരു നബിയോടൊപ്പം അഞ്ചും ഒരു നബിയോടൊപ്പം ഒരാളെയും ഞാൻ കണ്ടു. പിന്നീട് ഒരു വലിയ സംഘത്തെ ഞാൻ കണ്ടു. ഇത് എന്റെ സമുദായമാണോ എന്ന് ഞാൻ ജിബ്രീലിനോട് ചോദിച്ചു. അല്ല എന്ന് അദ്ദേഹം അറിയിച്ചു. ചക്രവാളത്തിലേക്ക് നോക്കാൻ ജിബ്രീൽ പറഞ്ഞു. അവിടെ വലിയൊരു സംഘത്തെ ഞാൻ കണ്ടു. ജിബ്രീൽ പറഞ്ഞു. ഇവർ എഴുപതിനായിരമുണ്ട്. ഇവരിൽനിന്ന് കണക്കെടുക്കുകയില്ല. അവർക്ക് ശിക്ഷ കൊടുക്കുകയുമില്ല. നബി (സ) ചോദിച്ചു. എന്തുകൊണ്ട്? ഹസ്റത്ത് ജിബ്രീൽ പറഞ്ഞു. അവർ ഏലസ് എഴുതികൊടുക്കുകയോ നൂലു ഊതികൊടുക്കുകയോ ചെയ്തിരുന്നില്ല. അവർ ശകുനം നോക്കിയിരുന്നില്ല. തങ്ങളുടെ രക്ഷിതാവിൽ സകലവും ഭരമേല്പിച്ചിരുന്നു. ഇക്കൂട്ടരാണ് കണക്ക് ചോദിക്കപ്പെടാത്തവർ. അപ്പോൾ ആ മജ്ലിസിലുണ്ടായിരുന്ന ഉക്കാശ ബിൻ മുഹ്സിൻ എഴുന്നേറ്റു പറഞ്ഞു. അല്ലാഹു എന്നെ അവരിൽ ഉൾപ്പെട്ടവനാക്കാൻ നബിയെ അങ്ങ് എനിയ്ക്കുവേണ്ടി പ്രാർത്ഥിച്ചാലും. നബിതിരുമേനി പറഞ്ഞു. ഉക്കാശാ, നീയും അവരിൽ പെട്ടിരിക്കുന്നു.

ഇക്കാലത്ത് മുസ്ലീങ്ങളിൽ ഉറുക്ക് അഥവാ ഏലസ് എഴുതികെട്ടുന്ന സമ്പ്രദായമുണ്ട്. അവരെ കണ്ടുകൊണ്ട് ചില അഹ്മദികളും ഉറുക്ക് എഴുതികെട്ടുന്നതിൽ വിശ്വാസമുള്ളവരായിത്തീർന്നിരിക്കുന്നു. അത് തികച്ചും തെറ്റാണ്. ഇന്ത്യ, പാക്കിസ്ഥാൻ ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നും അത്തരം ചില കത്തുകൾ ഇവിടെ കിട്ടുന്നുണ്ട്. അവർക്കിതിൽ വിശ്വാസം വർധിക്കുന്നുവെന്നാണ് കത്തുകളിൽനിന്ന് മനസ്സിലാകുന്നത്. നബി(സ)ന്റെ ഈ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദികൾ അതിൽനിന്ന് പിന്മാറേണ്ടതാണ്. കാരണം അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കുന്നവർക്ക് മാത്രമേ എല്ലാത്തരം ദോഷങ്ങളിൽനിന്നും രക്ഷപ്പെടാൻ ഒക്കുകയുള്ളു; അവരാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരും. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനെത്തന്നെ ശരണം പ്രാപിക്കേണ്ടതാണ്. അവന്റെ അഭയത്തിൻ കീഴിൽ കഴിയേണ്ടതുമാണ്. ശകുനം നോക്കുകയെന്നത് ശിർക്കാണെന്നുപോലും നബിതിരുമേനി പറഞ്ഞിട്ടുണ്ട്. മൂന്നുപ്രാവശ്യം നബിതിരുമേനി ഇതാവർത്തിക്കുകയുണ്ടായി. പറഞ്ഞു. സകലവും അല്ലാഹുവിനെ ഭരമേല്പിക്കുമ്പോൾ അല്ലാഹു അവനെ ദോഷങ്ങളിൽ നിന്ന് അകറ്റുന്നു. അല്ലാഹുവിനെ ഭരമേല്പിച്ചാൽ അത്തരം ചിന്താഗതി മനസ്സിലുണ്ടാവുകയില്ല. അതുകൊണ്ട് ശകുനം നോക്കൽ തുടങ്ങിയവയിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. കാരണം ഇത് ശിർക്കിന് തുല്യമാണ്. എത്ര വലിയ മുന്നറിയിപ്പാണിത്.

അംറിബ്നു ആസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ആദം സന്തതികളുടെ മനസ്സിന്റെ ഓരോ താഴ്വരയിലും ഓരോ മലയിടുക്കുണ്ട്. ആരുടെ മനസ്സാണോ ആ എല്ലാ മലയിടുക്കുകളുടെയും പിന്നാലെ ഓടിപോകുന്നത് അല്ലാഹു അവനെ ഗൗനിക്കുകയില്ല. ആരാണോ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നത്. അല്ലാഹു ആ എല്ലാ മലയിടുക്കുകളിൽ നിന്നും അവനെ രക്ഷിക്കുന്നതാണ്. അതായത്, ഭൗതികമായ സുഖാഡംബരങ്ങളുടെയും മോഹങ്ങളുടെയും അത്യാഗ്രഹങ്ങളുടെയും താഴ്വരകളെക്കൊണ്ട് മനസ്സു നിറഞ്ഞിരിക്കുന്നു. അന്യദൈവങ്ങൾ തമ്പടിച്ചിട്ടുള്ള ഒരുപാട് മനസ്സുകളുണ്ട്. അല്ലാഹുവിൽ എല്ലാ കാര്യങ്ങളും ഭരമേല്പിക്കുന്നതിനു പകരം ലോകത്തെ ഭയക്കുകയും ജനങ്ങളിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്ന പ്രവണത അധികമാണ്. അത്തരക്കാരെ അല്ലാഹു ഗൗനിക്കുകയില്ലെന്ന് പറയുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഹസ്റത്ത് ഖാത്തമുൽ അമ്പിയാഅ് (സ)യുടെ ജീവിത സംഭവങ്ങളിലേക്ക് നോക്കുമ്പോൾ അവിടത്തെ ഉന്നതമായ പദവിയുടെ വർണവും കളങ്കമില്ലാത്ത മനസ്സും അല്ലാഹുവിനുവേണ്ടി പ്രാണനർപിക്കുന്ന അവസ്ഥയും സൃഷ്ടികളോട് ഒന്നും പ്രതീ

ക്ഷിക്കാത്ത നിലയും അല്ലാഹുവിൽ മാത്രം എല്ലാം ഭരമേല്പിക്കുന്ന രീതിയും അങ്ങേയറ്റം വ്യക്തവും തെളിമയാർന്നതുമായ നിലയിൽ കാണാം. ആ മഹാത്മാവ് അല്ലാഹുവിന്റെ ആഗ്രഹത്തിലും ഇച്ഛയിലും ലയിച്ചുകൊണ്ട് തൗഹീദിന്റെ ശബ്ദം ഉയർത്തുന്നതുകൊണ്ട് എന്തെന്തെല്ലാം ബലാകൾ തനിയ്ക്ക് വന്നുചേരുമെന്നതിനെ ഒട്ടും ഗൗനിച്ചില്ല. ബിംബാരാധകരുടെ കൈകൊണ്ട് എന്തെന്തെല്ലാം ദുഃഖവും വേദനയും സഹിക്കേണ്ടി വരുമെന്നതും കാര്യമായി എടുത്തില്ല. എന്നല്ല എല്ലാ കഠിനമായ എതിർപ്പുകളും ബുദ്ധിമുട്ടുകളും സ്വയം വഹിച്ചുകൊണ്ട് തന്റെ യജമാനന്റെ കല്പനകൾ നടപ്പിൽ വരുത്തി. ആത്മീയമായ പോരാട്ടത്തിനും ഉപദേശത്തിനും എന്തെന്തെല്ലാം നിബന്ധനകളുണ്ടോ അതെല്ലാം പാലിച്ചു. ഭയപ്പെടുത്തുന്നവർക്ക് ഒരു വിലയും നല്കിയില്ല. നാം സത്യമായും പറയുന്നു. എല്ലാ നബിമാരുടെയും സംഭവങ്ങളെടുത്തുനോക്കിയാലും ഇത്രമാത്രം അപകടം നിറഞ്ഞ അവസ്ഥയിൽ അല്ലാഹുവിൽ എല്ലാം ഭരമേല്പിച്ചുകൊണ്ട് തുറന്ന നിലയിൽ ശിർക്കിനും സൃഷ്ടിപൂജയ്ക്കുമെതിരെ പടപൊരുതുകയും അതിലുറച്ചുനില്ക്കുകയും ചെയ്ത ഒരു നബിയെയും ഇതുപോലെ കാണുകയില്ല.

വെല്ലുവിളികൾ ഉയർന്ന അവസ്ഥയുണ്ടായി. ഭീഷണികളുണ്ടായി. ഭയാനകമായ എതിർപ്പുണ്ടായി. ഒക്കെയായിട്ടും അവിടന്ന് സ്ഥിരചിത്തതയോടെ ഉറച്ചുനിന്നു പ്രവർത്തിച്ചു. നബിതിരുമേനി അല്ലാഹുവിൽ തവക്കുൽ ചെയ്തതുപോലെ ആരും തവക്കുൽ ചെയ്തിട്ടില്ല. ആത്മാർപ്പണത്തിന്റെ പ്രവർത്തനപരമായ മാതൃക നമ്മുടെ പ്രവാചകനാണ്. ആരെങ്കിലും തന്നെ സ്തുതിയ്ക്കുന്നതോ ബുദ്ധിമുട്ടിയ്ക്കുന്നതോ നബിതിരുമേനി പ്രശ്നമാക്കിയില്ല. ഒരു അത്യാഗ്രഹവും പ്രലോഭനവും നബിയെ ആ പ്രവർത്തനങ്ങളിൽനിന്ന് തടഞ്ഞില്ല. മനുഷ്യൻ ഇത് നേരിട്ട് കണ്ട് മനസ്സിലാക്കാത്തിടത്തോളം പരീക്ഷണങ്ങൾ ജയിക്കാത്തിടത്തോളം ഒരിക്കലും അശ്രദ്ധനാകരുത്. മുത്തബത്തിൽ അഥവാ ആത്മാർപ്പണം ചെയ്യുന്നവൻ തവക്കുൽ അഥവാ അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കുന്നവനുമായിരിക്കും. അല്ലാഹുവിലേക്ക് ആത്മാർത്ഥമായി ശ്രദ്ധിക്കുന്നവന്റെ മുമ്പിൽ ദുനിയാവ് ഒന്നുമല്ല. അത്തരം വ്യക്തിയാണ് അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കുന്നവൻ. ചുരുക്കത്തിൽ മുത്തവക്കിൽ അഥവാ എല്ലാം അല്ലാഹുവിൽ ഭരമേല്പിക്കുന്നവനാകുന്നതിന് മുത്തബത്തിൽ അഥവാ ആത്മാർപ്പണം ചെയ്യുന്നവനാകേണ്ടത് നിർബന്ധമാണ്. മറ്റുള്ളവരുമായി ലയിച്ചു കഴിയുകയാണെങ്കിൽ അല്ലാഹുവിൽ കളങ്കമറ്റ തവക്കുൽ എങ്ങനെയുണ്ടാകാനാണ്. സർവവും മുറിച്ച് അല്ലാഹുവിലേക്ക് നീങ്ങുന്നവൻ ദുനിയാവിലെ ബന്ധം മുറിച്ചുനീക്കുകയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. അല്ലാഹുവുമായി ബന്ധം ഉറപ്പിക്കുമ്പോൾ ദുനിയാവുമായി ബന്ധം മുറിയുന്നു.

പൂർണമായ തവക്കുൽ ഉണ്ടാകുമ്പോളാണ് അത് സാധ്യമാവുന്നത്. നമ്മുടെ നബി(സ) തികച്ചും ആത്മാർപ്പണം ചെയ്തയാളായിരുന്നു. അപ്പോലെ തന്നെ എല്ലാം അല്ലാഹുവിൽ ഭരമേല്പിച്ചയാളുമായിരുന്നു. അക്കാരണത്താലാണ് പ്രസിദ്ധിയും പ്രൗഢിയുമൊക്കെയുണ്ടായിരുന്ന ഗോത്രക്കാരുടെ നേതാക്കന്മാരെ അല്പം പോലും വിലവക്കാതിരുന്നത്. അവരുടെ എതിർപ്പിന് ഒരു വിലയും നല്കിയില്ല. അഭൗമികമായ ദൃഢവിശ്വാസം നബിതിരുമേനിയ്ക്ക് അല്ലാഹുവിൽഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇത്ര വലിയ ഭാരം അവിടന്ന് ശിരസാ വഹിച്ചത്. ലോകം മുഴുവൻ എതിർത്തിട്ടും തരിമ്പും ഇളകിയില്ല. തവക്കുലിന്റെ ഈ വലിയ മാതൃക ലോകത്തെങ്ങും കാണുകയില്ല. കാരണം ആ മഹാത്മാവ് ദൈവത്തെ ഇഷ്ടപ്പെട്ടു ലോകരുടെ വെറുപ്പ് സമ്പാദിച്ചു. അല്ലാഹുവിനെ കാണാത്തിടത്തോളം ഈ അവസ്ഥ ഉണ്ടാവുകയില്ല. അതിനുശേഷം മറ്റൊരു കവാടം തുറക്കുമെന്നുള്ള പ്രതീക്ഷ ഉണ്ടാകാത്തിടത്തോളം ഈ അവസ്ഥ ലഭിക്കുകയില്ല. ആ പ്രതീക്ഷ ലഭിക്കുമ്പോൾ പ്രിയപ്പെട്ടവർ ശത്രുവാകുന്നു. പക്ഷെ അവർക്കറിയാം അല്ലാഹു വേറെ സുഹൃത്തുക്കളെ കൊണ്ടുവരുമെന്ന്. അവർ വസ്തുവകകൾ വലിച്ചെറിയും. കാരണം അതിനെക്കാൾ ഉത്തമമായത് കിട്ടുമെന്ന ദൃഢവിശ്വാസം അവർക്കുണ്ട്.

പറഞ്ഞതിന്റെ ചുരുക്കം അല്ലാഹുവിന്റെ റിളാ അഥവാ തൃപ്തിയെ മുന്തിക്കുകയെന്നതാണ് തബത്തുൽ അഥവാ ആത്മാർപ്പണം. ആത്മാർപ്പണവും അല്ലാഹുവിൽ എല്ലാം ഭരമേല്പിക്കലും ഇരട്ടകുട്ടിയെപോലെയാണ്. അതായത് ആത്മാർപ്പണത്തിന്റെ രഹസ്യ സ്വഭാവമാണ് എല്ലാം ഭരമേല്പിക്കൽ. എല്ലാ ഭരമേല്പിക്കലിന്റെ നിബന്ധനയാണ് ആത്മാർപ്പണം. ഇതാണ് നമ്മുടെ മതം.

അല്ലാഹുതആല നമുക്കെല്ലാം നബിതിരുമേനിയുടെ ജീവിതമാതൃകയിലൂടെ ചലിക്കാൻ തൗഫീക് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ മുമ്പിൽ കുനിയാനും അവനിൽ കാര്യങ്ങളെല്ലാം ഭരമേല്പിക്കുവാനും തൗഫീക് നല്കുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
08 - 04 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**